**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപനം തടയുന്നതിന് നിയമ നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വില്പനക്കാർ നിയമ നടപടിയിൽ നിന്ന് ഒഴിവാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | കുറ്റകൃത്യങ്ങൾ തരംതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതിന് സഹായകരമാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്റ്റിലെ ഷെഡ്യൂൾ ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കുട്ടികളിലടക്കം വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വ്യാപനം തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശനമായ ശിക്ഷാനടപടികൾ ഉറപ്പാക്കുന്നതിനും ഫലപ്രദവും, മറ്റ് സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാകുന്ന തരത്തിലുമുള്ള നിയമ നിർമ്മാണം നടത്തുന്നത് പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | എൻ.ഡി.പി.എസ്. ആക്റ്റ് 1985 പ്രകാരം മയക്കുമരുന്നുകൾ സംബന്ധമായ കുറ്റകൃത്യങ്ങൾക്ക് എതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്റ്റ് 1985 കേന്ദ്രനിയമം ആയതിനാൽ, കേന്ദ്ര സർക്കാർ ആണ് നിയനിർമ്മാണം സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത്. സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി സ്ലാബുകളിൽ കുറവ് വരുത്തുന്നതിന് കേന്ദ്രസർക്കാരിന് സംസ്ഥാനം ശുപാർശ നൽകിയിട്ടുണ്ട്. |
| (സി) | അതിഥി തൊഴിലാളികളിൽ ചിലർ കേരളത്തിലേക്കുള്ള മയക്കുമരുന്ന് വാഹകരായി പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് ട്രെയിനുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ പ്രത്യേക കർശന പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് മയക്കുമരുന്ന് കടത്തുന്നത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകളിൽ നിരീക്ഷണം നടത്തുകയും റെയിൽവേ പോലീസുമായി ചേർന്ന് പരിശോധനകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രെയിനുകളിലും ബസുകളിലും അതിഥി തൊഴിലാളികൾ തങ്ങുന്ന താമസ സ്ഥലങ്ങളിലും പരിശോധനകൾ ഊർജ്ജിതപ്പെടുത്തുകയും അതിർത്തി പ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകളിലും പട്രോളിംഗും വാഹന പരിശോധനയും കർശനമാക്കുകയും ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ മയക്കുമരുന്ന് കേസുകളെ സംബന്ധിച്ചും ആയതിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും അതാത് ഭാഷയിൽ |

| | | | |
|---|---|---|---|
| | | | പ്രാവീണ്യമുള്ളവരെ ഉപയോഗപ്പെടുത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ